**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5656** **16-03-2023 - ൽ മറുപടിയ്ക്ക്**

**പ്രളയ ദുരിതാശ്വാസമായി അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | 2019 -ലെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ ശ്രീ. എം. ഗോവിന്ദൻ, മുണ്ടാടൻ ഹൗസ്, പടിയൂർ എന്ന വ്യക്തിക്ക് അനുവദിച്ച തുക ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർക്കാർ അനുവദിച്ച തുക ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; പ്രസ്തുത തുക അടിയന്തരമായി അപേക്ഷകന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | 2019 ലെ പ്രളയത്തിൽ ഇരിട്ടി താലൂക്ക് പരിധിയിൽ ശ്രീ.എം. ഗോവിന്ദന് അനുവദിച്ച ധനസഹായം പറവൂർ താലൂക്കിലെ ശ്രീ. സുനിൽകുമാർ. വി.ടി, വള്ളനര, പറവൂർ താലൂക്ക് എറണാകുളം ജില്ല എന്ന ആളുടെ അക്കൗണ്ടിലേയ്ക്ക് മാറി ക്രെഡിറ്റായത് പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് ശ്രീ. സുനിൽകുമാർ.വി.ടി യിൽ നിന്നും തുക ഈടാക്കി ശ്രീ.എം. ഗോവിന്ദന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ